LIBRARY ARCHIVES Kerala Legislative Assembly

ഗസറ്റഡ് പോസ്റ്റിലേക്ക് അപേക്ഷിച്ചവർ.

* 858. [30] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഓരോ ഡിപ്പാർട്ടുമെൻറിലും ഒരു പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ഒരാളെങ്കിലും ഉണ്ടായിരിക്കണമെന്ന് ഇൻഡ്യാഗവണ്മെൻറിന്റെ നിർദ്ദേശമുണ്ടോ ;

(ബി) ആ നിർദ്ദേശം എന്താണ് ;

(സി) ആ നിർദ്ദേശം നടപ്പിലാക്കുന്നതിന് ഗസറ്റഡ് പോസ്റ്റിലേക്ക് അപേക്ഷകരെ ക്ഷണിച്ചുവോ ;

(ഡി) ക്ഷണിച്ചുവെങ്കിൽ എന്തെല്ലാം ;

(ഈ) ക്ഷണിച്ച ഓരോ അവസരത്തിലും എത്ര അപേക്ഷകൾവീതം ഉണ്ടായിരുന്നു ;

(എഫ്) അങ്ങിനെ അപേക്ഷിച്ചവരിൽ എത്തെല്ലാം സമുദായത്തിൽപ്പെട്ടവർ എത്രപേർവീതം ഉണ്ടായിരുന്നു ;

(ജി) അങ്ങനെ ക്ഷണിച്ച സന്ദർഭത്തിൽ ഒരിക്കലെങ്കിലും കുറവർ സമുദായത്തിൽപ്പെട്ടവർ അപേക്ഷിച്ചിരുന്നുവോ ;

(എച്ച്) അപേക്ഷിച്ചിരുന്നുവെങ്കിൽ അവരുടെ അപേക്ഷ അനുകൂലമായി പരിഗണിക്കാത്തതെന്താണ് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഇന്ത്യാഗവണ്മെൻറിൽനിന്നങ്ങനെ ഒരു നിർദ്ദേശമുണ്ടായിട്ടുള്ളതായി ബന്ധപ്പെട്ട റിക്കാർഡുകളിൽ കാണുന്നില്ല. സംസ്ഥാനഗവണ്മെൻറ് ഇത്തരമൊരു തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) മേൽപ്പറഞ്ഞ തീരുമാനപ്രകാരം അപേക്ഷകൾ പബ്ലിക് സർവ്വീസ് കമ്മിഷൻ ക്ഷണിച്ചിരുന്നു.

(ഡി, ഈ, എഫ്) വിശദമായ പട്ടിക മേശപ്പുറത്ത് വച്ചിരിക്കുന്നു. †

(ജി) അപേക്ഷിച്ചിരുന്നു.

(എച്ച്) അപേക്ഷകൾ പരിഗണിക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷനായതിനാൽ ഗവണ്മെൻറിൽ ഇടപെടാറില്ല. കുറവർ സമുദായത്തിൽനിന്നൊരാളെ ലോക്കൽ ഫണ്ട് അക്കൌണ്ട് ഇൻസ്പെക്ടറായി തിരഞ്ഞെടുത്തിട്ടുണ്ട്.

സൈനികസ്കൂളിൽനിന്ന് തിരിച്ചയച്ചവർ

859. [39] ശ്രീ വി. പി. സി. തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962 ഡിസംബറിൽ തിരുവനന്തപുരം സൈനികസ്കൂളിൽനിന്ന് പ്രമോഷൻ ലഭിക്കാതെ വീട്ടിലേക്ക് തിരിച്ചയയ്ക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഡിപ്പാർട്ടുമെൻറൽ സ്കൂളിലെ വാർഷിക പരീക്ഷയ്ക്ക് മുൻപ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റു കിട്ടാതെ വന്നതായി പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ഡിപ്പാർട്ടുമെൻറ് സ്കൂളിലെ വാർഷികപരീക്ഷയ്ക്ക് മുമ്പ് റസി. സി. കിട്ടാതെ വന്നതുമൂലം അതിൽ ചില കുട്ടികൾക്ക് 2 അദ്ധ്യയനവർഷങ്ങൾ നഷ്ടപ്പെട്ടതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റസി. സി കൊടുക്കുവാൻ താമസം നേരിട്ടതിന്റെ കാരണം എന്താണ് ;

† Placed in the library.